# സന്ധ്യാ നമസ്കാരം

പിതാവും പുത്രനും പരിശുദ്ധ റൂഹായുമായി ആദിമുതൽ എന്നേക്കമുള്ള സത്യേക ദൈവത്തിന്റെ തിരുനാമത്തിൽ ആമ്മീൻ.

തന്റെ മഹത്വംകൊണ്ടു സ്വർഗ്ഗവും ഭൂമിയും നിറഞ്ഞിരിക്കുന്ന ബലവാനായ ദൈവം തമ്പുരാൻ പരിശുദ്ധൻ പരിശുദ്ധൻ പരിശുദ്ധൻ ഉയരങ്ങളിൽ ഊശാന.

ദൈവമായ കർത്താവിന്റെ തിരുനാമത്തിൽ വന്നവനും വരുവാനിരിക്കുന്നവനും ആയവൻ വാഴ്ത്തപ്പെട്ടവനാകുന്നു ഉയരങ്ങളിൽ സ്തുതി.

ഞങ്ങൾക്കു വേണ്ടിയുള്ള നിന്റെ താഴ്മ വാഴ്ത്തപ്പെട്ടതാകുന്നു

+പെസഹാ-യാൽ പെസഹാ കുഞ്ഞാടിനെ നീക്കിയ മശിഹാ മോദിപ്പിച്ചരുളുക കൃപ നിൻ പെസഹായാൽ (3 തവണ)

നാഥാ ! തേ സ്തുതിയും മാനം താതന്നും
മഹിമ വന്ദനങ്ങൾ ശുദ്ധാത്മാവിന്നും
ഉണ്ടാ-കൾകൃപ പാപികളാം
ഞങ്ങളിലും മേലുള്ളൂ-റിശലേം വാതിൽ-ക്കളളിൽ നിൻ-
സിംഹാ-സനമനയണമീ പ്രാർത്ഥന മശിഹാ
സ്തോത്രം, കർത്താവെ! സ്തോത്രം കർത്താവെ!
നിത്യം ശരണവുമെ! സ്തോത്രം. ബാറെക്മോർ

**OR**

**Praise to Thee, O Lord, Praise to Thy Father**
**Glory and honor to Thy Holy Ghost.**
**Grace and mercy be upon us, sinners**

**May this pray'r ascend, Lord unto Thy Throne**
**Inside portals of Jerusalem high**
**Praise to Thee, Messiah, Praise unto Thee**
**Lord our refuge forever, BAREKMOR**

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ...

Psalms – 51 (ദൈവമേ! നിന്റെ കൃപയിൻപ്രകാരം.. )

**Have mercy on me, O God, according to your unfailing love; according to your great compassion blot out my transgressions.**

Wash away all my iniquity and cleanse me from my sin. For I know my transgressions, and my sin is always before me.

**Against you, you only, have I sinned and done what is evil in your sight, so that you are proved right when you speak and justified when you judge. Surely I was sinful at birth, sinful from the time my mother conceived me.**

Surely you desire truth in the inner parts; you teach me wisdom in the inmost place. Cleanse me with hyssop, and I will be clean; wash me, and I will be whiter than snow.

**Fill me with your joy and gladness and my feeble bones shall rejoice. Turn your face from my sins and blot out all my iniquities.**

Create in me a pure heart, O God, and renew in me a right spirit. Do not cast me from your presence and take not your Holy Spirit from me.

**Restore to me the joy of your salvation and may your glorious spirit uphold me. Then I will teach the sinners your way, and they shall be converted to you.**

Deliver me from bloodguilt, O God, the God of my salvation, and my tongue shall praise your righteousness. O Lord, open my lips, and my mouth shall sing your righteousness.

**For you do not delight in mere sacrifices, neither had you**

**been reconciled by mere burnt offerings. The sacrifice acceptable to God is humble Spirit and a contrite heart, God despises not.**

Do good to Zion, according to your good pleasure and build up the walls of Jerusalem. Then you will be pleased with righteous sacrifices and in whole burnt offerings. Then they shall offer bullocks upon your altar.

Daivame sthuthininakku yogyamaakunnu, Barekmor.

## എനിയോനോ

(ഹവ്ദഹവൊബുഖരോ. പാതകിപോൽ എന്നപോലെ)

1. സ്വജനത്തിൻ-തുപ്പലതേൽക്കുകയാൽ
   അന്യ-ജനത്തെ വീണ്ടോനേ
   ദേവാ! ദയ ചെയ്തീടണമേ
2. സുരഭിലമാം-മൂറോൻ തൈലത്താൽ
   സഭയെ-മോദിപ്പിച്ചോനേ +ദേവാ!
3. നിൻ പാപം-മോചിതമെന്നേവം
   പാപിനി-യോടുരചെയ്തോനേ +ദേവാ!
4. പാപിനി-തൻ-കണ്ണീർ കൈക്കൊണ്ടു
   പാപ-വിമുക്തി കൊടുത്തവനെ +ദേവാ!
5. സ്വജനത്തിൽ-കനിയുക കർത്താവെ
   പിന്മാറീ-ടരുതവരീന്നും +ദേവാ!

ബാറെക്മോർ-ശുബഹോ.മെന ഓലം..

6. നിന്റെ ഹിതം-നിർമ്മിച്ചവയഖിലം
   നിൻ പേർക്കായ്-സ്തുതിയേറ്റട്ടെ +ദേവാ!

കുറിയേലായിസ്സോൻ

(Psalm 141) കർത്താവെ! നിന്നെ ഞാൻ വിളിച്ചുവല്ലോ

**O LORD, I call to you; come quickly to me. Hear my voice when I call to you.**

May my prayer be set before you like incense; may the lifting up of my hands be like the evening sacrifice. Set a guard over my mouth, O LORD; keep watch over the door of my lips.

**Let not my heart be drawn to what is evil, to take part in wicked deeds with men who are evildoers; let me not eat of their delicacies. Let a righteous man strike me, it is a kindness; let him rebuke me it is oil on my head. My head will not refuse it. Yet my prayer is ever against the deeds of evildoers; their rulers will be thrown down from the cliffs, and the wicked will learn that my words were well spoken.**

They will say, "As one plows and breaks up the earth, so our bones have been scattered at the mouth of the grave." But my eyes are fixed on you, O Sovereign LORD; in you I take refuge; do not give me over to death.

**Keep me from the snares they have laid for me, from the traps set by evildoers. Let the wicked fall into their own nets, while I pass by in safety.**

(Psalm 142)*(Ente shabdathil Karthavine njan vilichu…)*

I cry aloud to the LORD; I lift up my voice to the LORD for mercy. I pour out my complaint before him; before him I tell my trouble. When my spirit grows faint within me, it is you who know my way.

**In the path where I walk men have hidden a snare for me. Look to my right and see; no one is concerned for me. I have no refuge; no one cares for my life. I cry to you, O LORD; I say, "You are my refuge, my portion in the land of the living."**

Listen to my cry, for I am in desperate need; rescue me from those who pursue me, for they are too strong for me. Set me free from my prison, that I may praise your name. Then the righteous will gather about me because of your goodness to me.

(Psalm 119:105-112)

*(Ninte vachanam ente kalukalku vilakum…)*

**Your word is a lamp to my feet and a light for my path. I have taken an oath and confirmed it, that I will follow your righteous laws. I have suffered much; preserve my life, O LORD, according to your word. Accept, O LORD, the willing praise of my mouth, and teach me your laws.**

Though I constantly take my life in my hands, I will not forget your law. The wicked have set a snare for me, but I have not strayed from your precepts. Your statutes are my heritage forever; they are the joy of my heart. My heart is set on keeping your decrees to the very end.

(Psalm: 117) *(Sakala jathikalume!...)*

**Praise the LORD, all you nations; extol him, all you peoples. For great is his love toward us, and the faithfulness of the LORD endures forever. Praise the LORD.**

Daivame! sthuthininakku yogyamakunnu.

## ഏനിയോനോ

(യൗമ്മോനോ ഇന്നാൾ നിൻ കബറിങ്കൽ..)

1. ഇന്നാളിൽ- ശെമവൂനും-യോഹന്നാനും പ്രേഷിതരായ്
   നമ്മുടെ രക്ഷക്കായ് ബലിയായരഹസ്യേശന്നായ്
   പെസഹാ കഞ്ഞാ-ടതിനെ സജ്ജമ-താക്കീടുവാനായ്

2. ഇന്നാളിൽ-നിങ്ങളിലൊരുവൻ- എന്നെയൊറ്റീടും വിലവാങ്ങും
യാതനയും-നരകാഗ്നിയുമവനേറ്റീടുമെന്നേവം
മഹിത രഹസ്യം-ശിഷ്യർക്കായി നാഥൻ വെളിവാക്കി
3. ഇന്നാളിൽ പാവനപുരിയിൽ-ശീമോൻ യോഹന്നാന്മാർചെന്നു
ബലികൾക്കീശനു കുഞ്ഞാടിനെയും തയ്യാറാക്കി
മാളികതന്നിൽ-മഹനീയം മർമ്മം നിറവേറ്റി
4. ഇന്നാളിൽ-സർവാധീശൻ-തൻ ക്ലേശത്തെയാസ്പദമാക്കി
നിങ്ങളിലൊരുവൻ വിമതർക്കെന്നെയേല്പിച്ചിടുമെ-
ന്നുരചെയ്തപ്പോൾ- ശിഷ്യഗണം പാരംവ്യഥപൂണ്ടു
5. ശിഷ്യഗണം സംഭ്രമമാർന്നു-നിങ്ങളിലൊരുവൻ താനെന്നെയഹോ
വിറ്റിഹ വാങ്ങും വിലയെന്നേവം ഗുരു ചോന്നപ്പോൾ
ആരും ധാർഷ്ട്യം-കാണിച്ചില്ലാരെന്നാരായാൻ
ബാറെക്മോർ..ശുബഹോ മെന ഓലം...
6. സകലേശാ-വിമലസഭക്കായി-നിൻ തനുവിൽ ക്ലേശം സ്വയമേറ്റു
തെറ്റിപ്പോയോരു വഴിയീന്നതിനെ രക്ഷിച്ചോനേ
ഭിന്നത നീക്കി-സഭയിൽ വളർത്തണമേ നിൻ ശാന്തി
സ്തൗമെൻകാലോസ് കുറിയേലായിസ്സോൻ...

## പ്രൊമിയോൻ

## കോലോ

ഈ സന്ധ്യയിൽ നമ്മുടെ കർത്താവു തന്റെ ശിഷ്യന്മാർക്കു തന്റെ കഷ്ടാനുഭവത്തെ വെളിപ്പെടുത്തി. അവരൊടു തന്റെ നന്മയുടെ ഫലം ദർശിച്ച അക്രമികളിൽനിന്നു അദാമ്യവർഗ്ഗത്തിനുവേണ്ടി താൻ പീഢകൾ സഹിക്കുവാനായിരിക്കുന്നുവെന്നും അന്യായക്കാരോടൊന്നിച്ചു സ്കീപ്പായിൽ കുറ്റംകുടാതെ തന്നെ തറക്കുമെന്നും പറഞ്ഞു. തന്റെ ശ്രേഷ്ഠതക്കു സ്തുതി. തന്റെ

നിത്യതയിൽ താൻ അതിർത്തിയില്ലാത്തവനായിരിക്കമ്പോൾ സ്വയം വെറുമയാക്കി തന്നത്താൻ താഴ്ത്തി. ന്യായസ്ഥല-ത്തുവെച്ചു തന്നെ കുറ്റം വിധിപ്പാൻ ദുഷ്ടന്മാർ തന്നെ പിടിച്ചു.

ബാറെക്മോർ ശുബഹോ മെനോലം

2. നിങ്ങളിൽ ഒരുവൻ എന്നെ യൂദജനത്തിന്നേല്പിച്ചു-കൊടുക്കുമെന്നും ഞാൻ കഷ്ടതയും സ്കീപ്പായും സഹിക്കുമെന്നും നമ്മുടെ രക്ഷകൻ അരുളിച്ചെയ്തപ്പോൾ ശിഷ്യന്മാരുടെ അനുഗ്രഹീത സംഘത്തിനു ദുഖമുണ്ടായി. വഞ്ചക ശിഷ്യനായ സ്കറിയോത്തായിൽ സാത്താൻ പ്രവേശിച്ചു. അവൻ ആചാര്യന്മാരുടെ അടുക്കൾ പോയി അവർക്കു തന്നെ ഏല്പിക്കുകയും അവന്റെ ത്മഹത്യക്കുള്ള കയറിന്റെ വിലയായി മുപ്പതു വെള്ളിക്കാശു വാങ്ങുകയും ചെയ്തു.

## എത്രോ

## വീണ്ടും കോലോ

## (കൂക്കോയോ)

1. പെസഹപ്പെരുന്നാളിനു മുൻപെ-ബുധനാ മാഴ്ചയിലും
വ്യാഴത്തിലുമീശൻ മർമ്മം വെളിവാക്കിച്ചൊന്നാൻ
പോകുന്നു നാം-പാവനമാം പുരിയിൽ
പിടികൂടീടും എന്നെ യൂദന്മാർ
നിയമം ലംഘിച്ചോനാകും- ആദാമിനുവേണ്ടി
മാനുഷപുത്രനെയേറ്റീടും-സ്ലീബായിന്മീതെ
ഹലേലുയ്യാ- അവനേദൻ പുകും
ബാറെക്മോർ. .ശുബഹോ.. .ഹലേലുയ്യാ..

2. പെസഹപ്പെരുന്നാളിനു മുൻപെ ബുധനാമാഴ്ചയിലും
വ്യാഴത്തിലുമാ യൂദന്മാർ വഞ്ചിപ്പാൻ കൂടി

ജനരക്ഷക്കായി ഏകൻ മൃതിയാർന്നാൽ

അതു നന്നാണെ-ന്നാ വൻ പെരുന്നാളിൽ

മശിഹാ തന്നുടെ മൃതിയേ മുൻ നിർത്തിക്കയ്യാപ്പ

പ്രവചിച്ചാൻ ജനമോന്നായി-ട്ടതിനെ പിന്താങ്ങി

ഹലേലുയ്യാ-പ്രാണദനേക്കൊന്നാർ മൊറിയോ റാഹേം...

## ബൊതെദ് ഹാശോ

ഞങ്ങൾക്കായ് നീയേറ്റൊരു പീഢാ

താഴ്ചകളേറ്റം ധന്യം നാഥാ!

1. ഹൃദയങ്ങളെയെ-ല്ലാമറിയുന്നോൻ

ഈ സന്ധ്യയിലെ-വം വെളിവാക്കി

നിങ്ങളിലേകൻ ഏന്നെയൊറ്റും

വലമാം ഭാഗ-ത്തമരുന്നൊര

കുഞ്ഞാടുകളേറ്റം ഖേദിച്ചു

2. ഈയന്തിയിലച്ചതിയൻ യുദ

തരമാകുമ്പോ-ഴവനെ നീചർ-

ക്കേല്പിച്ചീടാമെന്നങ്ങേറ്റാൻ

തൻ-രക്തത്താൽ നമ്മേക്കൊണ്ടോൻ

തൻ മൂല്യമഹോ-മുപ്പതു നാണ്യം

3. നാഥന്മാർ തൻ-നാഥനുവേണ്ടി

പെസഹാ കുഞ്ഞാ-ടതിനെയൊരുക്കി

നിബിയന്മാരൊടാചാര്യന്മാർ

വെളിപാടുകളാൽ സൂചിപ്പിച്ചോൻ

തനയൻ സർവം-പൂർണമതാക്കി

നിൻ വിധിചെയ്തോർ-വിധിയേൽക്കമ്പോൾ

വിധിചെയ്യരുതെ-ഞങ്ങളെയീശാ മോറിയോ റാഹേം...

# മാർ അപ്രേമിന്റെ ബോവൂസ

ഞങ്ങൾക്കായുളവായൊരു നിൻ
ബഹു കഷ്ടതയാൽ കൃപ ചെയ്ക
നിൻ ഹാശായിൻ കഷ്ടതയാൽ
നേടണമവകാശം രാജ്യേ... +ദേവാ!...

1. ക്രൂശകർ തന്നവസാനത്തെ
പെരുനാളാം പെസഹാ വന്നു
നാഥൻ പ്രേരണകൂടാതെ
സ്വയമെ കുഞ്ഞാടായ്തീർന്നു
നിൻ ഹിതമെന്തെന്നറിയിക്ക
പെസഹായെവിടെയൊരുക്കേണം
സദയം താണോരുന്നതനോ
ടേവം ശിഷ്യർചോദിച്ചു... +ദേവാ!...

2. താതാ ദർശകരുടെ മർമ്മം
സുതനാം ഞാൻ നിറവേറ്റുന്നു
ഭൂജാതികളാനന്ദിപ്പാൻ
ഞാൻ ബലിയായി തീരുന്നു
മുൻപായ് ഞാൻ നേടിയ സഭയേ
നിൻ സവിധെ ഞാൻ വേൾക്കുന്നു
വിലയേറിയതാമെൻ രക്തം
സ്ത്രീധനമായ് ഞാനെഴുതുന്നു... +ദേവാ...
ഞങ്ങൾക്കായുളവായൊരു നിൻ
ബഹു കഷ്ടതയാൽ കൃപചെയ്ക
നിൻ ഹാശായിൻ കഷ്ടതയാൽ
നേടണമവകാശം രാജ്യേ... +ദേവാ!

ഏവൻഗേലിയോൻ

വി: യോഹന്നാൻ 7:37-52,8:12-20

ഞങ്ങളുടെ കർത്താവായ യേശുമശിഹാ...

പെസഹായുടെ കൗമാ

പെസഹായാൽ പെസഹാ... ഇത്യാദി

നാഥാ! തേ സ്തുതിയും...

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ!

## സൂത്താറാ നമസ്കാരം

പെസഹായുടെ കൗമാ

ബ്രിക് മുക്കൊക്കൊക് ദഹലൊപ്പെൻ

പെസഹായാൽ പെസഹാകുഞ്ഞാടിനെ നീക്കിയ മശിഹാ

മോദിപ്പിച്ചരുളുക കൃപ നിൻ പെസഹായാൽ.

(മൂന്നു തവണ)

നാഥാ ! തേ സ്തുതിയും...

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ...

സ്തൗമെൻകാലോസ് കുറിയേലായിസ്സോൻ

പ്രൊമിയോൻ

## കോലോ

## (കൂക്കോയോ)

1. വ്യാഴ ദിനത്തിൽ മാളിക-ത-ന്നുള്ളിൽ-ചെന്നേറി
പന്തിയിരുത്തീ വഞ്ചകനാം-യൂദായേ നാഥൻ
മൂർച്ചവരുത്തി- വാളിനവൻ മേന്മേൽ
കർക്കശഹൃദയൻ-നൽ പുഞ്ചിരി തൂകി
പുറമെ കുഞ്ഞാടായ് നിന്നാൻ ചെന്നായാകുന്നോൻകൂട്ടത്തീന്നാ
വഞ്ചകനെ- വിട്ടോൻ സംസ്തുത്യൻ
ഹലേലുയ്യാ-ഉ-ഹലേലുയ്യാ ബാറെക്മോർ ശുബഹോ.. മെന ഓലം
ഹലേലുയ്യാ..

2. നൂതനമായൊരു വ്യാഴ ദിനെ- തൻ ശ്ലീഹന്മാരെ
നല്ലൊരുത്തമ ദൃഷ്ടാന്തംകാണിച്ചേല്പിച്ചാൻ
ആജ്ഞാപിച്ചാ- നവരോടന്നേവം
ഞാൻ കാണിച്ചോ-രീ ദൃഷ്ടാന്തത്തെ
നിങ്ങളുമേറ്റം വിനയത്തോ-ടെപ്പോഴും ചെയ്വിൻ
ഇതിനാൽ നിങ്ങൾ-മമ ശിഷ്യന്മാരെന്നറിയേണം ഹലേലുയ്യാ- ഉ-
ഹലേലുയ്യാ

## ബൊതെദ് ഹാശോ

ഞങ്ങൾക്കായ് നീ- യേറ്റൊരു പീഢ
താഴ്ചകളേറ്റം- ധന്യം നാഥാ!

1. നന്മനിറഞ്ഞോൻ- സ്വയമേല്പിച്ചു
ഇസഹാക്കിൻ മുൻ-കറി നിറവേറ്റി
ഗോഗുൽത്തായിൽ-ബലിയായിതീർന്നു

വാളീന്നിസഹാ-ക്കിനെ രക്ഷിച്ചു
ആദാമിനെയാ- വീഴ്ചയിൽനിന്നും

2. ഇപ്പെരുന്നാളിൽ ദുഷ്ടന്മാരാം
യൂദന്മാർ വ- ഞ്ചിപ്പാൻ കൂടി
ഇസ്കരിയോത്താ-യ്ക്കേകി ദ്രവ്യം
വാഗ്ദത്തമ്പോൽ-ഗുരുവിനെയൊറ്റി
വാങ്ങി വിലക്കായി തൂങ്ങിച്ചാകൽ

3. പെസഹാ ഘോഷി-ച്ചാ മുൻ നിയമം
നിർത്തീടാനായി-വിട്ടു നാഥൻ
കീപ്പാ യോഹാ-ന്നാനെന്നിവരെ
രഹസ്യങ്ങൾ തൻ-നാഥനുവേണ്ടി
കുഞ്ഞാടിനെയും-തയ്യാറാക്കി

നിൻ വിധി ചെയ്തോർ വിധിയേൽക്കുമ്പോൾ
വിധി ചെയ്യരുതെ ഞങ്ങളെയീശാ മൊറിയോ റാഹേം...

## മാർ യാക്കോബിന്റെ ബോവൂസ

മശിഹാസ്കീപ്പാമൃതി കഷ്ടതകൾക്കായ് വന്നോനേ
പ്രാർത്ഥനകേട്ടിട്ടാത്മാക്കളെിലൻപുണ്ടാകേണം
+ദേവാ ദയയുണ്ടാകേണം...

1 ഇസഹാക്കിൻ യാഗം നിറവേറ്റാനീശോ നാഥൻ
പെരുന്നാളിനു നാൾ മുന്നുള്ളപ്പോൾ മലമേലേറി
യാനം ചെയ്താൻ നാൾ മുന്നിസഹാക്ബലിയായ്ത്തീരാൻ
നാഥൻ തനിയെയേല്പിച്ചതിനെയതു കാട്ടുന്നു +ദേവാ...

2 അസംഭാവികമുടയോൻ ഹതനായ് സ്വേഷ്ടത്താലെ
സാരാംശത്തിൽ മൃതനായില്ല മർത്യതയിൽതാൻ
യാഗത്തിന്നായ് വിറകു വഹിച്ചോനായോനിസഹാക്
തോളിൽ ക്രൂശേന്തിയ സൂനുവിനെ സൂചിപ്പിച്ചു +ദേവാ!

നാഥാ ഭൂവാനം നിൻ പീഢയതിൽ ക്ലേശിച്ചു
മാനോർ വാനോർ നിൻ താഴ്മയിലതി വിസ്മയമാർന്നു +ദേവാ!

കുറി... കുറി... കുറിയേലായിസ്സോൻ...
അത്യുന്നതന്റെ മറവിൽ ഇരിക്കുന്നവനും...
മഹോന്നതന്റെ മറവിൽ ഇരിക്കുന്നവനായ...

പെസഹായുടെ കൗമാ
പെസഹായാൽ പെസഹാ... ഇത്യാദി
നാഥാ! തേ സ്തുതിയും
സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ...

## The Nicean Creed (വിശ്വാസ പ്രമാണം)

We believe in one true God:

The Father Almighty, maker of heaven and earth, and of all things, visible and invisible,

And in one Lord Jesus Christ, the only begotten Son of God; begotten of the Father before all worlds, light of light, very God of very God; begotten, not made; being of the same substance with the Father, and by whom all things were made, + who for us men, and for our salvation, came down, from heaven, + and was incarnate of the Holy Virgin Mary, mother of God, by the

Holy Ghost and became man, + and was crucified for us in the days of Pontius Pilate and suffered, and died, and was buried, and the third day rose again, according to His will; and ascended into heaven, and sat on the right hand of the Father, and shall come again in His great glory, to judge both the quick and the dead, whose kingdom shall have no end,

And in the one living Holy Spirit, the life- giving lord of all, who proceeds from the Father and who with the Father and the Son is worshipped and glorified: who spoke by the prophets and apostles,

And in one, Holy Catholic (Orthodox) and Apostolic church: and we acknowledge one baptism for the remission of sins: and look for the resurrection of the dead: and the new life in the world to come. Amen.

## വിശുദ്ധ കുർബ്ബാന കൊടുക്കുമ്പോൾ

1. രഹസ്യം രഹസ്യം-കല്പിച്ചീശൻ
   രഹസ്യമെനിക്കും എൻ വീട്ടുകാർക്കും
   സ്വർഗ്ഗീയനായ മണവാളാ! തേ
   സ്തുതിയെന്നു ഞങ്ങൾ-ഘോഷിക്കുന്നു
2. മൃതിയെ കെടുത്തീട്ടാദാമിനു നൽ
   പ്രാണൻ കൊടുത്ത-ഗാത്രവുമിതു താൻ (സ്വർഗ്ഗീയ...)
3. സമുദ്രോദരത്തെ ബലത്താൽ പകുത്തു
   അടിത്തട്ടിൽ മാർഗ്ഗം തെളിച്ചോൻ ഇതു താൻ (സ്വർഗ്ഗീയ..)
4. ഈറേയഭോജ്യം - സ്വർഗ്ഗീയ മന്ന
   മരുവിൽ മന്ന-ഭുജിച്ചതുമിതു താൻ (സ്വർഗ്ഗീയ...)
5. കൊലക്കായി നയിക്കപ്പെ-ട്ടോരജമായി
   ഏശായ കണ്ട-ദർശനമിതു താൻ (സ്വർഗ്ഗീയ...)

6. നോക്കിപ്പാർക്കം-നാളിൽ നോഹ-
പോതത്തിൽ മോദാൽ-കണ്ടതുമിതുതാൻ (സ്വർഗ്ഗീയ...)

7. പ്രഥമം പ്രത്യക്ഷതയിൽ രഹസ്യേ
നാഥൻ നിയമിച്ച-നാളുമിതുതാൻ (സ്വർഗ്ഗീയ...)

8. അജത്തെ വധിച്ചു - രിപുവിൽ നിന്നും
കിടയേ വിടുർത്ത - പെരുന്നാളിതുതാൻ (സ്വർഗ്ഗീയ...)

9. ഇന്നേ ദിവസം-ഹർമ്മ്യേ മശിഹാ
ശിഷ്യർ സഹിതം-പെസഹാ ഭുജിച്ചു (സ്വർഗ്ഗീയ...)

10. യാക്കോബു സുതർക്ക-മരുവിൻ നടുവിൽ
കുടിപ്പാൻ കൊടുത്ത-ശൈലവുമിതുതാൻ (സ്വർഗ്ഗീയ...)

11. സീനായി മലമേൽ വന്നങ്ങിറങ്ങി
മേഘസ്തംഭേ-വസിച്ചോനിവൻ താൻ (സ്വർഗീയ...)

12. ഈ പെരുന്നാളിൽ-ജീവനഗാത്രം
വിഭജിച്ചവനെ-നരരേ സ്തുതിപ്പിൻ (സ്വർഗ്ഗീയ...)

13. മേടത്തിലീശ-തനയൻ ഹതനായ്
മേടം തന്നിൽ-പെസഹായജവും (സ്വർഗ്ഗീയ...)

14. ഭൂവാസികളെ-സുതരക്തത്താൽ
വിടുവിച്ചവനെ-സ്തുതി പാടിടുവിൻ (സ്വർഗ്ഗീയ...)

അല്ലെങ്കിൽ

1. രഹസ്യം - രഹസ്യം - ഉടയോനരുളി
രഹസ്യ -മെനിക്കും- എൻ വീട്ടുകാർക്കും
സ്വർഗ്ഗാധിനാഥാ-മഹത്വ മണാളാ
സ്തോത്രം തിരുനാ-മത്തിനു നിത്യം

2. ഹാബേലാരേ-തിരുബലിയാലെ
രൂപീകരിച്ചോ - ആയതിവൻ താൻ (സ്വർഗ്ഗ...)

3. ആചാര്യനായ മൽക്കി-സെദേക്ക്
പുജിച്ചുവന്ന- യാഗമിവൻ താൻ (സ്വർഗ്ഗ...)

4. തരുവിൽ-പിറന്ന - കുഞ്ഞാടുമൂലം
ഇസ്സഹാക്കിനെയും-വീണ്ടോനിവൻ താൻ (സ്വർഗ്ഗ....)

5. മെസ്രേൻ കടിഞ്ഞൂൽ - വധിച്ചി-സ്രായേൽ
ജനത്തെ - രുധിരാൽ-വീണ്ടോനിവൻ താൻ (സ്വർഗ്ഗ...)

6. ദേവാ-ലയത്തിൽ-മഹിമ നിറഞ്ഞു
ആമോസു - തനയൻ കണ്ടോനിവൻ താൻ (സ്വർഗ്ഗ...)

7. ഏശായ-നിബിക്ക-ദൂതൻ കൊടുത്ത
പാവ-നമാം തീക്കനെലു-മിതു താൻ (സ്വർഗ്ഗ...)

8. ഹസ്ക്കീയെലാരെ -നരരൂപിയായി
തേരിൽ കണ്ടോ - ആയതി-വൻ താൻ (സ്വർഗ്ഗ...)

9. നിബിയർ - നിവഹം-തന്നാഗമനം
മുന്നറിയിച്ചോ - ദൈവ-മിവൻ താൻ (സ്വർഗ്ഗ...)

10. ഏദനിലാദാം-രുചിനോക്കാത്ത
ജീവതരുവിൻ-ഫലവുമിവൻ താൻ (സ്വർഗ്ഗ...)

11. മരുഭൂമി-തന്നിൽ ഇസ്രേല്യർക്ക
കൊടുത്തൊരു ഗഗനം-മന്നായിതുതാൻ (സ്വർഗ്ഗ...)

12. ജ്ഞാനം -പണിത-ഗേഹത്തിലുള്ളോർ
തിന്നുകടിക്ക-ന്നാഹാര - മിതുതാൻ (സ്വർഗ്ഗ...)

13. വാങ്ങി-ഭുജിപ്പിൻ -കുടിപ്പീനെന്നു
ഏശായ - ചോന്ന ഭക്ഷ്യ-മിതുതാൻ (സ്വർഗ്ഗ...)

14. മാളിക-യിൽ വ-ച്ചേശുമശിഹാ
വാഴ്ത്തികൊടുത്ത ഭോജനമിതുതാൻ (സ്വർഗ്ഗ...)

15. സ്തുതി താതന്നും -തൻ-ജനകന്നും
സ്തുതി റൂഹായ്ക്കും - എന്നേക്കും ആമ്മീൻ (സ്വർഗ്ഗ...)